കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് എറണാകുളം

W6-11876/17 തീയതി: 01.04.2017

## സർക്കുലർ നമ്പർ:49/2017-18

വിഷയം: 1989-ലെ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് അവാർഡ് ഓഫ് സ്കോളർഷിപ്പ് പ്ളാൻ ഭാഗികമായി ഭേദഗതി വരുത്തി നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

സൂചന: 1) 16.07.2012 -ലെ 9/2012-13 നമ്പർ സർക്കുലർ.
2) 2017-18 വർഷത്തിലെ ബഡ്ജറ്റ് ശുപാർശ.
3) 13.03.2017 തീയതിയിലെ 468-മത് ബോർഡ് യോഗ തീരുമാനം.

2017-2018 ബഡ്ജറ്റിന്റെ ശുപാർശ പ്രകാരം 1989-ലെ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് അവാർഡ് ഓഫ് സ്കോളർഷിപ്പ് പ്ളാനിന്റെ ഖണ്ഡിക 6(a) & 6(e) ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് സൂചന (3) ബോർഡ് യോഗം തീരുമാനിക്കുകയുണ്ടായി.

പ്രസ്തുത ബോർഡ് യോഗത്തിന്റെ അടിസ്ഥാനത്തിൽ സൂചന (1) സർക്കുലറിന് ഭാഗികമായി മാറ്റം വരുത്തി കൊണ്ട് 1989-ലെ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് അവാർഡ് ഓഫ് സ്കോളർഷിപ്പ് പ്ളാനിന്റെ ഖണ്ഡിക 6(a) & 6(e) താഴെ പറയും വിധം ഭേദഗതി വരുത്തി കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

### ഭേദഗതി

### പ്ളാൻ ഖണ്ഡിക 6 : സ്കോളർഷിപ്പ് തുക

പ്ളാൻ ഖണ്ഡിക 6(a) : സ്കൂൾ തലം

1. 5 മുതൽ 7 വരെ ക്ളാസുകളിൽ വിജയിച്ച കുട്ടികൾക്ക് - 200/- രൂപ
2. 8-ഉം 9-ഉം ക്ളാസുകളിൽ വിജയിച്ച കുട്ടികൾക്ക് - 250/- രൂപ
3. 8-ഉം 9-ഉം ക്ളാസുകളിൽ 60% മാർക്ക് വാങ്ങിയ കുട്ടികൾക്ക് - 300/- രൂപ
4. 10-ാം ക്ളാസ്സ് വിജയിച്ച കുട്ടികൾക്ക് (50% -ൽ താഴെ) - 500/- രൂപ
5. 10-ാം ക്ളാസ്സിൽ 50%-ഉം അതിൽ കൂടുതലും മാർക്ക് വാങ്ങിയ കുട്ടികൾക്ക് - 700/- രൂപ
6. 10-ാം ക്ളാസ്സിൽ 60%-ഉം അതിൽ കൂടുതലും മാർക്ക് വാങ്ങിയ കുട്ടികൾക്ക് - 800/- രൂപ
7. 10-ാം ക്ളാസ്സിൽ 80%-ഉം അതിൽ കൂടുതലും മാർക്ക് വാങ്ങിയ കുട്ടികൾക്ക് - 1000/- രൂപ

പ്ളാൻ ഖണ്ഡിക 6(e) : ഉന്നതം (തൊഴിലധിഷ്ഠിതം)

| | |
|---|---|
| എം.ബി.ബി.എസ്, ബി.എസ്.സി / ബി.ടെക്. (എഞ്ചിനിയറിംഗ്), ബി.ഡി.എസ്., വെറ്റിനറി, ആയുർവേദം, അഗ്രികൾച്ചർ, ബി.ഫാം, ബി.എച്ച്.എം.എസ്., എം.ടെക്. എന്നീ കോഴ്സുകൾക്ക് അംഗീകൃത കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്ക് | - 4000/- രൂപ (പ്രതിവർഷം) |

ഈ ഭേദഗതിയ്ക്ക് 01.04.2017 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

വിദ്യാഭ്യാസ ധന സഹായം വിതരണം നടത്തുന്നത് സംബന്ധിച്ച് നിലവിൽ സ്വീകരിച്ചുവരുന്ന മറ്റ് വ്യവസ്ഥകളും, നടപടി ക്രമങ്ങളും മാറ്റമില്ലാതെ തുടരേണ്ടതും ആയത് പാലിക്കപ്പെടുന്നുണ്ടെന്ന് കമ്മിറ്റി / സബ് ഓഫീസുകളിലെ എല്ലാ ഉദ്യോഗസ്ഥരും ഉറപ്പ് വരുത്തേണ്ടതുമാണ്.

ഈ സർക്കുലർ ലഭിച്ചതിന് കമ്മിറ്റി / സബ് ഓഫീസ് ചെയർമാന്മാർ രസീത് നൽകേണ്ടതാണ്.

ഒപ്പ്/-
ചീഫ് എക്സിക്യൂട്ടീവ്

സ്വീകർത്താവ്,
1.എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർക്ക്,
2.കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാൻ.

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്